പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2663 — 17.6.2019 ൽ മറുപടിയ്ക്ക്

## <u>വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള കൃഷി നാശം</u>

| | <u>ചോദ്യം</u><br>ശ്രീ.കെ.രാജൻ | <u>മറുപടി</u><br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | വന്യമൃഗങ്ങളുടെ ആക്രമണം മൂലം 2018-19 കാലയളവിൽ സംസ്ഥാനത്ത് സംഭവിച്ച കൃഷി നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) വന്യമൃഗങ്ങളുടെ ആക്രമണം മൂലം 2018-19 കാലയളവിൽ സംസ്ഥാനത്ത് ഏകദേശം 2383.81 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം ചില വിളകൾക്ക് എണ്ണം അനുസരിച്ചാണ് നൽകിവരുന്നത്. |
| (ബി) | ഈ ഇനത്തിൽ നഷ്ടപരിഹാരമായി വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) 436.77 ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷി നാശം സംഭവിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിയ്ക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ.നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone Pitched Trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2 . വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4 . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ

5 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8 . വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9 . മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ